REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ക്ഷീരകർഷകരുടെയും താൽപ്പര്യങ്ങളിൽ ഇന്ത്യ ഒരു വിട്ടുവീഴ്ചയും ചെയ്യില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **ഇന്ന് പതിനൊന്നാമത് ദേശീയ കൈത്തറി ദിനാഘോഷം.**
- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നും ഉച്ചയ്ക്ക് രണ്ട് മണി വരെ നിർത്തിവെച്ചു.**
- **ശാസ്ത്രത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്ന ചർച്ചകളാണ് ഉണ്ടാകേണ്ടതെന്ന് R & D ഉച്ചകോടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ.**
- **തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക പുതുക്കലിന് തീയതി ഓഗസ്റ്റ് 12 വരെ നീട്ടി.**
- **സംസ്ഥാനത്ത് അഞ്ച് ജില്ലകളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**

## വാർത്തകൾ വിശദമായി

കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ക്ഷീരകർഷകരുടെയും താൽപ്പര്യങ്ങളിൽ ഇന്ത്യ ഒരു വിട്ടുവീഴ്ചയും ചെയ്യില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി. ന്യൂഡൽഹിയിൽ ഡോ. MS സ്വാമിനാഥൻ ശതാബ്ദി അന്താരാഷ്ട്ര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ്)...

വോയ്സ്- MS സ്വാമിനാഥൻ- പ്രധാനമന്ത്രി

കർഷക ക്ഷേമം, ഗവൺമെന്റിന്റെ ഏറ്റവും വലിയ മുൻഗണനയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും ഗവൺമെന്റ് നിരന്തരം പ്രവർത്തിക്കുന്നുണ്ടെന്നും രാജ്യപുരോഗതിയുടെ അടിത്തറയായി കർഷക ശക്തിയെ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു..

ഭക്ഷ്യോൽപ്പാദനത്തിൽ ഇന്ത്യയെ സ്വയംപര്യാപ്തമാക്കുന്ന പ്രസ്ഥാനത്തിന് ഡോ. MS സ്വാമിനാഥനാണ് നേതൃത്വം നൽകിയതെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു. ജൈവവൈവിധ്യത്തിനപ്പുറം ജൈവ-സന്തോഷം എന്ന ദർശനാത്മക ആശയമാണ് അദ്ദേഹം നൽകിയത്. കാർഷിക ശാസ്ത്രത്തിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് ഡോ. സ്വാമിനാഥൻ പരക്കെ പ്രശംസിക്കപ്പെടുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഡോ. സ്വാമിനാഥനെ ഭാരതരത്ന നൽകി ആദരിക്കാൻ ഗവൺമെന്റിന് അവസരം ലഭിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നും ഉച്ചയ്ക്ക് രണ്ട് മണി വരെ നിർത്തിവെച്ചു. ബിഹാറിലെ വോട്ടർപ്പട്ടിക വിഷയത്തിലാണ് പ്രതിപക്ഷം പ്രതിഷേധം ഉയർത്തിയത്.

✪✪✪

സഭാ നടപടികൾ പ്രതിപക്ഷ MP-മാർ തുടർച്ചയായി തടസ്സപ്പെടുത്തുന്നതിൽ പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു അതൃപ്തി പ്രകടിപ്പിച്ചു. ഭരണഘടനാപരവും പാർലമെന്ററി നടപടിക്രമങ്ങളും നിയമങ്ങളും അനുസരിച്ച് എല്ലാ വിഷയങ്ങളിലും കേന്ദ്രഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാണെന്നു അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

ബിഹാറിലെ വോട്ടർപട്ടികയിലെ പ്രത്യേക പരിഷ്കരണ നടപടിക്രമങ്ങൾ സുപ്രീംകോടതിയിലെ പരിഗണനാ വിഷയമാണെന്നും അത് സഭയിൽ ചർച്ച ചെയ്യാൻ കഴിയില്ലെന്നും അദ്ദേഹം അറിയിച്ചു. ഇക്കാര്യം പാർലമെന്റിൽ ചർച്ച ചെയ്യുന്നത് നിയമങ്ങളുടെയും കീഴ്വഴക്കങ്ങളുടേയും ലംഘനമാണെന്നും കിരൺ റിജിജു വ്യക്തമാക്കി. തെരഞ്ഞെടുപ്പ് കമ്മീഷൻ പോലെ സ്വയം ഭരണ സ്ഥാപനങ്ങളെ കുറിച്ച് ചർച്ച നടത്താൻ കഴിയില്ലെന്ന് നിയമങ്ങളിൽ വ്യക്തമാണെന്നും പാർലമെന്ററി കാര്യമന്ത്രി അറിയിച്ചു.

✪✪✪

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണത്തിൽ അപാകതകളുണ്ടെന്നാരോപിച്ച് രാഷ്ട്രീയ സംവാദങ്ങൾ ഉയരുന്ന പശ്ചാത്തലത്തിൽ ഇന്ത്യ മുന്നണി നേതാക്കൾ ഇന്ന് ഡൽഹിയിൽ നിർണ്ണായക യോഗം ചേരും. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ വസതിയിലാണ് യോഗം. ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം, ജമ്മു കാശ്മീരിൽ അടുത്തുണ്ടായ ആക്രമണം, ഉയർന്ന അമേരിക്കൻ തീരുവ എന്നിവയടക്കം  വിഷയങ്ങൾ യോഗത്തിൽ ചർച്ചയാകും. ശിവസേന നേതാവ് ഉദ്ധവ് താക്കറെ അടക്കം നേതാക്കൾ യോഗത്തിൽ പങ്കെടുക്കുമെന്ന് കോൺഗ്രസ് നേതാവ് KC വേണുഗോപാൽ, ശിവസേന MP സഞ്ജയ് റാവത്ത് എന്നിവർ അറിയിച്ചു.

✪✪✪

ഇന്ന് ദേശീയ കൈത്തറി ദിനാഘോഷം. പതിനൊന്നാമത് ദേശീയ കൈത്തറി ദിനാഘോഷം ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ തുടക്കമാകും. രാജ്യത്തിന്റെ ഗ്രമീണ സമ്പദ് വ്യവസ്ഥക്കും സാംസ്കാരിക സ്വത്വത്തിനും കൈത്തറി മേഖല നൽകിയ സംഭാവനകളെ ആദരിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയമാണ് ആഘോഷം  സംഘടിപ്പിക്കുന്നത്.

രാജ്യത്തെ 650 ഓളം നെയ്ത്തുകാരും വിദേശ ഉപയോക്താക്കളും,പ്രമുഖ വ്യക്തികളും കയറ്റുമതിക്കാരും മുതിർന്ന ഉദ്യോഗസ്ഥരുമടക്കം ഒട്ടേറെപ്പേർ പരിപാടിയിൽ പങ്കെടുക്കും.കൂടാതെ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രി ഗിരിരാജ്സിംഗ് ,സഹമന്ത്രി പബിത്ര മാർഗരീറ്റ എന്നിവരും ചടങ്ങിനെത്തും.

നെയ്ത്തുകാർക്ക് സന്ത് കബീർ അവാർഡും ദേശീയ കൈത്തറി പുരസ്കാരങ്ങളും ചടങ്ങിൽ സമ്മാനിക്കും.

✪✪✪

അലഹബാദ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ സുപ്രീംകോടതി ആഭ്യന്തര അന്വേഷണ റിപ്പോർട്ടിനെതിരെ സമർപ്പിച്ച റിട്ട് ഹർജി സുപ്രീം കോടതി തള്ളി. വീട്ടിൽ ചാക്കിൽ കെട്ടിയ നിലയിൽ പണം കണ്ടെത്തിയ സംഭവത്തിൽ യശ്വന്ത് വർമ കുറ്റക്കാരനാണെന്ന അന്വേഷണ റിപ്പോർട്ടിനെതിരെയാണ് അദ്ദേഹം സുപ്രീംകോടതിയെ സമീപിച്ചത്.    സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന ജസ്റ്റിസ് സഞ്ജയ് ഖന്ന, ജസ്റ്റിസ്  വർമയെ സ്ഥാനത്തു നിന്ന് നീക്കണമെന്ന് രാഷ്ട്രപതിയ്ക്കും പ്രധാനമന്ത്രിക്കും ശുപാർശ നൽകിയിരുന്നു. ജൂലായ് 30 ന് വാദം പൂർത്തിയാക്കിയ റിട്ട് ഹർജിയിൽ വിധി സുപ്രീംകോടതി ഡിവിഷൻ ബെഞ്ച്  ഇന്നത്തേക്ക് മാറ്റുകയായിരുന്നു.

✪✪✪

രവീന്ദ്രനാഥ ടാഗോറിന്റെ 84-ാം ചരമവാർഷിക ദിനത്തിൽ ആഭ്യന്തര മന്ത്രി അമിത്ഷാ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യയുടെ സാംസ്കാരിക ദേശീയ സ്വത്വത്തിന് ടാഗോർ നൽകിയ മഹത്തായ സംഭാവനകളെ അദ്ദേഹം അനുസ്മരിച്ചു. ടാഗോറിന്റെ കാലാതീതമായ കൃതികൾ രാജ്യത്ത് ആത്മാഭിമാനം, സാംസ്കാരിക അവബോധം എന്നിവ വളർത്തിയിട്ടുണ്ട്. വിശ്വഭാരതി സർവകലാശാല സ്ഥാപിച്ച് ടാഗോർ ഇന്ത്യൻ വിജ്ഞാന പാരമ്പര്യത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തി. ദേശീയ ഗാനം രചിച്ച് ജനങ്ങളിൽ അഭിമാനം നിറച്ചു. ഗുരുദേവന്റെ ചിന്തകൾ യുഗങ്ങളോളം രാഷ്ട്ര നിർമ്മാണത്തിന് പ്രചോദനം നൽകുമെന്ന് അമിത്ഷാ എക്സിൽ കുറിച്ചു.

✪✪✪

ട്രായ്-യുടെ പേര് ദുരുപയോഗം ചെയ്യുന്ന സൈബർ സാമ്പത്തിക തട്ടിപ്പുകളെക്കുറിച്ച് ടെലികോം അതോറിറ്റി ഓഫ് ഇന്ത്യ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. ഡിജിറ്റൽ അറസ്റ്റ് എന്ന പേരിലെ തട്ടിപ്പും, ക്രിമിനൽ കേസിൽ പ്രതിയാണെന്ന ഭീഷണി കോളും ഉൾപ്പെടെ തട്ടിപ്പുകൾ വ്യാപകമാണ്.

ഫോൺ കോളോ, വീഡിയോ കോളോ വഴി ഉദ്യോഗസ്ഥർ അന്വേഷണം നടത്തുകയോ സാമ്പത്തിക ആവശ്യം ഉന്നയിക്കുകയോ ചെയ്യില്ലെന്ന് ട്രായ് വ്യക്തമാക്കി. മൊബൈൽ നമ്പർ വിച്ഛേദിക്കുമെന്ന അറിയിപ്പും വ്യാജമാണെന്നും ഉപഭോക്താക്കളുമായി മൂന്നാം കക്ഷിക്ക് ആശയ വിനിമയം നടത്താൻ അധികാരമില്ലെന്നും ട്രായ് അറിയിച്ചു.

✪✪✪

അമേരിക്ക ഇന്ത്യയ്ക്കു മേൽ 50 ശതമാനം തീരുവ ചുമത്തിയതിനെ തുടർന്ന് ഇന്ത്യൻ ഓഹരി വിപണിയിൽ തകർച്ച നേരിട്ടു. സെൻസെക്സും നിഫ്റ്റിയും ഇന്ന് ആദ്യ വ്യാപാരത്തിൽ തന്നെ ഇടിവ് രേഖപ്പെടുത്തി. സെൻസെക്സ് 335.71 പോയിന്റ് കുറഞ്ഞ് 80,208.28 ലും നിഫ്റ്റി 114.15 പോയിന്റ് ഇടിഞ്ഞ് 24,460.05 ലുമാണ് ഇന്ന് വ്യാപാരം തുടങ്ങിയത്.

✪✪✪

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന്, തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ മാസം 21 വരെ പത്രിക നൽകാം. ഓഗസ്റ്റ് 22 ന് സൂക്ഷ്മ പരിശോധന നടത്തും. 25 വരെ പത്രിക പിൻവലിക്കാം. സെപ്റ്റംബർ ഒൻപതിനാണ് വോട്ടെടുപ്പ്.

✪✪✪

ശാസ്ത്രത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്ന ചർച്ചകളാണ് ഉണ്ടാകേണ്ടതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന ശാസ്ത്ര- സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ R & D ഉച്ചകോടി ഉദ്ഘാടനവും, അവാർഡ് വിതരണവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ബഹിരാകാശ ഗവേഷണ രംഗത്ത് ഇന്ത്യയുടെ അഭിമാനമാണ് ഡോക്ടർ S സോമനാഥ് എന്നും, അഭിമാനകരമായ പല നേട്ടങ്ങൾക്കും നേതൃത്വം നൽകിയ അദ്ദേഹത്തിന്റെ സേവനങ്ങൾ രാജ്യം എന്നും നന്ദിയോടെ ഓർമിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കോവിഡ് മഹാമാരിയെ ഉൾപ്പെടെ നിയന്ത്രിച്ചത് ശാസ്ത്രത്തിന്റെ സഹായത്തോടുകൂടിയാണെന്നും, മാലിന്യനിർമാർജനത്തിലും ശാസ്ത്രത്തിന്റെ സഹായത്തോടെ സംസ്ഥാനം മുന്നോട്ടുപോകുകയാണ്. പരമ്പരാഗത അറിവുകളെയും ഉൽപ്പന്നങ്ങളെയും ശാസ്ത്രീയ അപഗ്രഥനത്തിലൂടെ ലോകശ്രദ്ധയിലേക്ക് കൊണ്ടുവരണമെന്നും പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക പുതുക്കലിന് അവസാനതീയതി ഓഗസ്റ്റ് 12 വരെ നീട്ടി. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A.ഷാജഹാനാണ് ഇക്കാര്യം അറിയിച്ചത്. സമയപരിധി ഇന്ന് അവസാനിക്കാനിരിക്കെയാണ് തീരുമാനം. സമയപരിധി നീട്ടണമെന്ന് പല രാഷ്ട്രീയ പാർട്ടികളും തിരഞ്ഞെടുപ്പ് കമ്മീഷനോട് അഭ്യർത്ഥിച്ചിരുന്നു.

കഴിഞ്ഞ ജൂലൈ 23 നാണ് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചത്. 2025 ജനുവരി ഒന്നിനോ അതിനു മുമ്പോ പതിനെട്ടു വയസ്സ് പൂർത്തിയായവർക്ക് അപേക്ഷിക്കാം.

✪✪✪

മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പുനർഗേഹം പദ്ധതിയിൽ നിർമ്മിച്ച ഫ്ളാറ്റ് സമുച്ചയം തിരുവനന്തപുരം മുട്ടത്തറയിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തീരമേഖലയിൽ കടൽക്ഷോഭത്തിനിരയാകുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുന്ന പദ്ധതിയാണ് പുനർഗേഹം.

പദ്ധതിയിൽ മലപ്പുറം ഉണ്ണ്യാലിൽ ഒരുക്കിയ ഫ്ലാറ്റ് സമുച്ചയവും മുഖ്യമന്ത്രി ഓൺലൈനിൽ ഉദ്ഘാടനം ചെയ്യും. വീടുകളുടെ താക്കോൽ മന്ത്രി V അബ്ദുറഹ്മാൻ വിതരണം ചെയ്യും.

✪✪✪

ദേശീയ മുലയൂട്ടൽ വാരാചരണം ഇന്ന് സമാപിക്കും. മുലയൂട്ടലിന്റെ പ്രാധാന്യത്തെക്കുറിച്ചും, മുലപ്പാലിന്റെ ഗുണങ്ങളെക്കുറിച്ചും ബോധവൽക്കരണം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ആഗസ്റ്റ് ഒന്ന് മുതൽ ഏഴ് വരെ എല്ലാ വർഷവും മുലയൂട്ടൽ വാരാചരണം നടത്തുന്നത്. 'മുലയൂട്ടലിന് മുൻഗണന: സുസ്ഥിര പിന്തുണ സംവിധാനങ്ങൾ സൃഷ്ടിക്കുക' എന്നതായിരുന്നു ഈ വർഷത്തെ പ്രമേയം.

✪✪✪

സംസ്ഥാനത്ത് അഞ്ച് ജില്ലകളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് വ്യാപകമായി മഴയ്ക്കോ ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

ബംഗാൾ ഉൾക്കടലിലെ സമുദ്ര- ജൈവ- രാസ ചക്രങ്ങളിലെ ദീർഘകാല പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുന്ന അന്താരാഷ്ട്ര ഗവേഷണ സംഘത്തിൽ കാസർകോട് കേന്ദ്ര സർവകലാശാലാ ടെക്നിക്കൽ ഓഫീസർ ഡോ. V സുധീഷ് ഇടം നേടി.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി P ജഗന്നിവാസൻ.

.......(വോയ്സ്)...............

✪✪✪

മുണ്ടക്കൈ - ചൂരൽമല ദുരന്തത്തിന് ഇരയായവരുടെ പുനരധിവാസത്തിന് കേരളത്തിലെ കസ്റ്റംസ് പരോക്ഷ നികുതി ഉദ്യോഗസ്ഥരും ജീവനക്കാരും 23 ലക്ഷം രൂപ സംഭാവന നൽകി. വയനാട് ടൗൺഷിപ് പദ്ധതി സ്പെഷ്യൽ ഓഫീസർക്ക് തുകയുടെ ചെക്ക് തിരുവനന്തപുരത്ത് കൈമാറി.

✪✪✪

പതിനൊന്നാമത് ദേശീയ കൈത്തറി ദിനത്തോടനുബന്ധിച്ച് കണ്ണൂർ വിവേഴ്സ് സർവീസ് സെന്ററിന്റെ നേതൃത്വത്തിൽ കരിവെള്ളൂർ കൈത്തറി സഹകരണ സംഘത്തിൽ  വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പയ്യന്നൂർ നഗരസഭ ചെയർപേഴ്സൺ കെ വി ലളിത ഉദ്ഘാടനം ചെയ്തു.

✪✪✪

മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് വികസിപ്പിച്ച കഫീൻ ഇല്ലാത്ത ഔഷധ പാനീയ കൂട്ട് ഇന്ന് തിരുവനന്തപുരത്ത് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സമ്മേളനത്തിൽ  അവതരിപ്പിക്കും.

താമര ഇതളും മറ്റ് ഔഷധ സസ്യങ്ങളും, ശാസ്ത്രീയമായി ഉണക്കി, ശംഖുപുഷ്പത്തിന്റെ നിറവും ചേർത്താണ് ഔഷധ പാനീയ കൂട്ട് നിർമ്മിച്ചത്. സ്റ്റാർട്ടപ്പുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും ഇതിന്റെ നിർമ്മാണ ഫോർമുല കൈമാറുമെന്ന് ബൊട്ടാണിക്കൽ ഗാർഡൻ ഡയറക്ടർ ഡോ. NS പ്രദീപ് അറിയിച്ചു.

✪✪✪

കൊട്ടാരക്കര MC റോഡിൽ വാഹനാപകടത്തിൽ രണ്ട് പേർ മരിച്ചു. പനവേലി സ്വദേശികളായ ശ്രീക്കുട്ടി , സോണിയ എന്നിവരാണ് മരിച്ചത്. രാവിലെ ബസ് കാത്തുനിൽക്കുകയായിരുന്ന ഇരുവരെയും നിയന്ത്രണം വിട്ട ഡെലിവറി വാൻ ഇടിക്കുകയായിരുന്നു.

✪✪✪

കോഴഞ്ചേരിയിൽ നിന്നും സ്ത്രീയുടെ മാല പൊട്ടിച്ച് കടന്ന കേസിലെ പ്രതി പിടിയിലായി. പതിനാറോളം മോഷണക്കേസുകളിലെ പ്രതി  റാന്നി സ്വദേശി ബിനു തോമസിനെയാണ് സ്പെഷ്യൽ ബ്രാഞ്ച് പൊലീസ്  പിടികൂടിയത്.

ഞായറാഴ്ച്ചയാണ്  കോഴഞ്ചേരി സ്വദേശിനിയുടെ മൂന്ന് പവൻ സ്വർണ്ണമാല ബൈക്കിലെത്തിയ രണ്ടംഗ സംഘം പൊട്ടിച്ചെടുത്ത് കടന്ന് കളഞ്ഞത്.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs: : അനിൽ ചന്ദ്രൻ, സാലിം*
*DEO: ഷീബ*